(സി) ബാണാസുരസാഗർ ഹൈഡൽ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും വിളിച്ചുചേർത്ത അവലോകനയോഗങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ബാണാസുരസാഗർ ഹൈഡൽ ടൂറിസം പദ്ധതി സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഇ) ബാണാസുരസാഗർ ഹൈഡൽ ടൂറിസം പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബാണാസുരസാഗർ ഹൈഡൽ ടൂറിസം പദ്ധതി വിപുലീകരണം കേന്ദ്ര ടൂറിസം ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് 2009 ആഗസ്റ്റ് മാസം 6-ാം തീയതി കേന്ദ്ര ടൂറിസം വകുപ്പുമായി പ്രാഥമിക ചർച്ചകൾ നടത്തി.

(ബി) മേല്പറഞ്ഞ കേന്ദ്ര ഫണ്ടുകൾ സുഗമമായി ലഭിക്കുന്നതിന് ഹൈഡൽ ടൂറിസത്തിനു വേണ്ടി ഒരു പ്രത്യേക കമ്പനി സംവിധാനം ഉണ്ടാക്കേണ്ടത് അഭികാമ്യമാണ് എന്ന കേന്ദ്ര അധികാരികളുടെ ഉപദേശത്തെ തുടർന്ന് ഹൈഡൽ ടൂറിസത്തിനു വേണ്ടിയുള്ള കമ്പനി രൂപീകരണത്തിന് നടപടികൾ സ്വീകരിച്ചിരുന്നു. ഇത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിനുവേണ്ടി ഇലക്ട്രിസിറ്റി ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്.

(സി) ബാണാസുരസാഗർ ഹൈഡൽ ടൂറിസം പദ്ധതി കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുവാൻ വേണ്ടി കേന്ദ്ര ടൂറിസം മന്ത്രാലയവുമായി കൂടിക്കാഴ്ചകൾ നടത്തുകയും, കേന്ദ്ര ടൂറിസം ഉപദേശക സമിതി അംഗങ്ങളെ കൊണ്ട് അതിന്റെ പ്രോജക്ട് റിപ്പോർട്ട് പരിശോധിപ്പിക്കുകയും അവരുടെ അവലോകനത്തിൽ അനുകൂല പ്രതികരണം ലഭ്യമാക്കുവാനും സാധിച്ചു.

(ഡി) ഇല്ല.

(ഇ) ഹൈഡൽ ടൂറിസത്തിനു വേണ്ടി മേല്പറഞ്ഞ പ്രത്യേക കമ്പനി നിലവിൽ വരുന്നതിനോടൊപ്പം ബാണാസുരസാഗർ പദ്ധതിയുടെ വിപുലീകരണത്തിന് വേണ്ടിയുള്ള മാസ്റ്റർ പ്ലാൻ അനുസരിച്ച് കേന്ദ്ര സഹായത്തോടുകൂടി തെക്കേ ഇന്ത്യയിലെ ഒരു മഹാ ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുവാനാണ് ഉദ്ദേശിക്കുന്നത്.

അരെനർട്ടിന്റെ പരസ്യങ്ങളും എക്സിബിഷനും

174 (1139) ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) അരെനർട്ട് 2010 നവംബർ, ഡിസംബർ, 2011 ജനുവരി മാസം വരെ ഏതെല്ലാം പ്രിന്റ് മാധ്യമങ്ങളിൽ എത്ര പരസ്യങ്ങൾ വീതം കൊടുത്തിട്ടുണ്ട് ; ഇവ ഏതെല്ലാം ആവശ്യങ്ങളിലേക്കാണ് നൽകിയിരിക്കുന്നതെന്ന് തരം തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ; പ്രസ്തുത പരസ്യങ്ങളുടെ കോപ്പികൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പരസ്യങ്ങൾ ഏതെങ്കിലും ഏജൻസി വഴിയാണോ പ്രസിദ്ധീകരിച്ചത് ; എങ്കിൽ ഏജൻസി ഏത് ; ഓരോ ഏജൻസികൾക്കും പ്രസ്തുത കാലയളവിൽ നൽകിയ തുക എത്ര വീതം ; ഇതിന്റെ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) 2010-11 വർഷം അനെർട്ട് സംസ്ഥാനത്തിനുപുറത്ത് എത്ര എക്സിബിഷനുകൾ നടത്തിയിട്ടുണ്ട് ; പ്രസ്തുത എക്സിബിഷനുകൾ എവിടെയെല്ലാമാണ് നടത്തിയത് ; ഇതിന്റെ ചുമതലകൾ ഏൽപ്പിച്ച ഏജൻസികൾ ഏതാണ് ; ഓപ്പൺ ടെൻഡർ വിളിച്ചാണോ എക്സിബിഷനുകൾ നടത്താൻ ഏജൻസികളെ ഏൽപ്പിച്ചത് ; ഇവയ്ക്ക് ഓരോന്നിനും എത്ര തുക വീതം ചെലവായി ; ഇവർക്ക് പേമെന്റ് കൊടുത്ത ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) അനെർട്ടിലെ പരസ്യങ്ങളും എക്സിബിഷനുകളും പ്രൈവറ്റ് ഏജൻസിയെക്കൊണ്ട് നടത്തിക്കുന്നതിന് നിലവിൽ സർക്കാർ ഉത്തരവുണ്ടോ ; എങ്കിൽ ഇതിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) അനെർട്ട് 2010 നവംബർ, ഡിസംബർ, 2011 ജനുവരി എന്നീ മാസങ്ങളിൽ പ്രിന്റ് മാധ്യമങ്ങളിലൂടെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം ഒന്നായി വയ്ക്കുന്നു.* പരസ്യങ്ങളുടെ കോപ്പി ശേഖരിച്ച് നൽകുന്നതാണ്.

(ബി) അനെർട്ടിന്റെ പ്രസ്തുത പരസ്യങ്ങൾ എംപാനൽ ചെയ്ത ഏജൻസിയായ ചക്ര കമ്മ്യൂണിക്കേഷൻസ് വഴിയാണ് നൽകിയത്. ഇതിനായി ഈ കാലയളവിൽ നൽകിയിട്ടുള്ള തുക 11,86,935 രൂപയാണ്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം രണ്ടായി വയ്ക്കുന്നു.*

(സി) ഒരു എക്സിബിഷൻ സംസ്ഥാനത്തിന് പുറത്ത് അനെർട്ട് നടത്തിയിട്ടുണ്ട്. ഇത് ചെന്നൈയിലാണ് നടത്തിയത്. ഇതിന്റെ ചുമതല അനെർട്ട് ഹെഡ് ഓഫീസിലെ ജോയിന്റ് ടെക്നിക്കൽ ഡയറക്ടറായ ശ്രീ. ആർ. രാജേഷിനാണ് നൽകിയത്. പ്രദർശന സാമഗ്രികൾ രൂപകല്പന ചെയ്ത് പ്രദർശന സജ്ജമാക്കുന്നതിന് അനെർട്ടിന്റെ എംപാനൽഡ് ഏജൻസിയായ ചക്ര കമ്മ്യൂണിക്കേഷൻസിനെ ഏൽപ്പിക്കുകയുണ്ടായി. ഇതിന് 1,90,000 രൂപ ചെലവായി. പേമെന്റ് ഉത്തരവിന്റെ പകർപ്പ് അനുബന്ധം മൂന്നായി വയ്ക്കുന്നു.*

(ഡി) സ്റ്റോർ പർച്ചേസ് മാന്വലിലെ ഖണ്ഡിക 16, 17 പ്രകാരം ലിമിറ്റഡ് ടെണ്ടർ പ്രക്രിയയിലൂടെ എംപാനൽമെന്റ് നടത്തിയാണ് പരസ്യം നൽകിയിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly